ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ

109 (2021) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതിന്റെ പണി നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കാൻ നടപടി എടുത്തിട്ടുണ്ടോ ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതി നബാർഡിന്റെ സ്ക്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഇറിഗേഷൻ ചീഫ് എൻജിനീയർ പരിശോധിച്ചു വരുന്നതേയുള്ളൂ. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം തടയുന്നതിന് പദ്ധതികൾ

110 (2022) ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ് തയ്യാറാക്കി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) എത്രഘട്ടമായി ഈ പണി നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഈ പദ്ധതിക്ക് എന്തുതുക ചെലവ് പ്രതീക്ഷിക്കുന്നു ; എന്തു തുക ഇതുവരെ ചെലവഴിച്ചു ;

(ഡി) ഇതുവരെ നടപ്പാക്കിയ പദ്ധതികൾമൂലം പ്രദേശത്തെ വെള്ളപ്പൊക്കം എത്രമാത്രം തടയാൻ കഴിഞ്ഞെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം തടയുന്നതിന് 921.60 ലക്ഷം രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് നടപ്പാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ വകുപ്പിന്റെ കീഴിൽ വരുന്ന താഴെ പറയുന്ന പണികൾ ഏറ്റെടുത്തിട്ടുണ്ട്.

1. നഗരത്തിലെ പ്രധാന തോടായ വഞ്ചിയൂർ തോട്ടിൽ ചപ്പുചവറുകൾ നിക്ഷേപിക്കാതിരിക്കാൻ കമ്പിവേലി നിർമ്മിക്കുക.
2. കരമനയാർ, കിള്ളിയാർ, ആമയിഴഞ്ചാൻ തോട് എന്നിവ കരകവിഞ്ഞൊഴുകാതിരിക്കാൻ ബണ്ട് നിർമ്മിക്കുക.
3. പട്ടംതോട്, ആറന്നൂർതോട്, കൊച്ചാർതോട് എന്നിവയുടെ പുനരുദ്ധാരണം.
4. 13 കുളങ്ങളുടെ പുനരുദ്ധാരണം.
5. ശാസ്തമംഗലം പണിക്കേഴ്സ് ലെയിൻ ഓട, ആർ.സി. ജംഗ്ഷൻ ഓട എന്നിവയുടെ പുനരുദ്ധാരണം.
6. പൂജപ്പുര വാർഡിൽ കരിത്തലയ്ക്കൽ ബണ്ടിന്റെ പുനരുദ്ധാരണം.
7. താമരത്താറ ഓട നിർമ്മാണം.
8. കുറ്റിച്ചൽ കോണം കുളത്തിന്റെ പുനരുദ്ധാരണം.

(ബി) 5 വർഷം കൊണ്ട് ഈ പണികൾ നടപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എത്ര ഘട്ടമായി എന്നു തീരുമാനിച്ചിട്ടില്ല.

(സി) ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കണമെങ്കിൽ തിരുവനന്തപുരം വൻകിടജലസേചന വിഭാഗത്തിന് 1106 ലക്ഷം രൂപയും ചെറുകിട ജലസേചന വിഭാഗത്തിന് 330 ലക്ഷം രൂപയും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുവരെ ഈ പ്രവർത്തികൾക്ക് 730 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾമൂലം പ്രദേശത്തെ വെള്ളപ്പൊക്കം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണം

111 (2023) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ശുദ്ധജല വിതരണത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly